(ഡി) അന്ത്യോദയ-അന്നയോജന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്കു നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് വിതരണം ചെയ്യാൻ പ്രത്യേക പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ തെരഞ്ഞെടുത്ത റേഷൻ കടകൾ വഴി മിതമായ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്തു വരുന്നുണ്ട്. അന്ത്യോദയ അന്നയോജന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്കും ഈ ആനുകൂല്യം ലഭ്യമാണ്.

ടൂറിസം വികസനത്തിനായി നിർമ്മിക്കുന്ന റോഡുകൾ

70 [381] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തെ സഹായിക്കുന്നതിന് കേരളത്തിൽ എത്ര റോഡുകളുടെ നിർമ്മാണം ഏറ്റെടുക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. അതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ; ആ ഇനത്തിൽ എന്തു തുക ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു;

(ബി) തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം, കോട്ടുകാൽ വില്ലേജുകളിലെ ടൂറിസം മേഖലയിൽ എത്ര റോഡുകളുടെ നിർമ്മാണം ഗവൺമെന്റ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു; അവ ഏതെല്ലാം;

(സി) പുളിങ്കുടി-കരിക്കത്തിക്കുഴി റോഡിന്റെ നിർമ്മാണം ഏറ്റെടുക്കാൻ എന്തു നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) ടൂറിസം വികസനത്തെ സഹായിക്കുന്നതിന് സംസ്ഥാനത്തെ താഴെപ്പറയുന്ന റോഡുകളുടെ നിർമ്മാണം നബാർഡിന്റെയും സംസ്ഥാന ഗവൺമെന്റിന്റേയും പദ്ധതികളിലുൾപ്പെടുത്തി ടൂറിസം വകുപ്പ് ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നു.

1. കോട്ടയം - കുമരകം റോഡ്-650.00 ലക്ഷം രൂപ
2. കാലടി-മലയാറ്റൂർ റോഡ്-164.00 ലക്ഷം രൂപ
3. ആലപ്പുഴ-തണ്ണീർമുക്കം റോഡ്-135.00 ലക്ഷം രൂപ
4. നാട്ടിക ബീച്ച് റോഡ്-100.00 ലക്ഷം രൂപ
5. ബേക്കൽ പ്രദേശത്തെ റോഡുകൾ-611.00 ലക്ഷം രൂപ
6. പീച്ചി-പട്ടിക്കാട് റോഡ്-340.00 ലക്ഷം രൂപ
7. പുന്നമട റോഡ്-99.00 ലക്ഷം രൂപ
8. പരുന്തുമ്പാറ റോഡ്-15.00 ലക്ഷം രൂപ
9. പൈതൽമല റോഡ്-98.48 ലക്ഷം രൂപ
10. കാട്ടിക്കുളം-തിരുനെല്ലി റോഡ്-100.00 ലക്ഷം രൂപ
11. കോവളത്തെ പ്രധാന റോഡുകൾ-24.73 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

(ബി) താഴെപ്പറയുന്ന റോഡുകളുടെ നിർമ്മാണത്തിന് ടൂറിസം വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. ചൊവ്വര മണൽത്തീരം റോഡ്	-	Rs. 6,50,000
2. പുളിങ്കുടി-അഴിമാലത്തുറ റോഡ്	-	Rs. 8,23,000
3. നെല്ലിങ്കുന്ന്-ബീച്ച് റോഡ്	-	Rs. 10,00,000
ആകെ	-	Rs. 24,73,000

(സി) ഭരണാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ടൂറിസം മേഖലയിലെ കുടിവെള്ളക്ഷാമം

71 [382] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം മുതൽ തെക്കോട്ടുള്ള ടൂറിസം മേഖലയിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം കണക്കിലെടുത്ത് ടൂറിസം വകുപ്പ് മുൻകൈയെടുത്ത് ഒരു ശുദ്ധജല വിതരണ പദ്ധതി തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) തിരുവനന്തപുരം കൃാപിറ്റൽ സിറ്റി റീജിയൻ പ്രോജക്ടുമായി ബന്ധപ്പെട്ട് ഇതിനുള്ള പ്രോജക്ട് തയ്യാറാക്കി വരുന്നു. ഇതിന് അന്തിമ രൂപമായിട്ടില്ല.

കോവളം വിനോദസഞ്ചാര വികസനം

72 [383] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വികസനത്തിന്റെ ഭാഗമായി കോവളം പ്രത്യേക മേഖലയായി പ്രഖ്യാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

GPM. 2/360/2012.—15

LIBRARY ARCHIVES Kerala Legislative Assembly